# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 622  11.07.2012- ൽ മറുപടിക്ക്**

## തുറമുഖങ്ങളുടെ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ:<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് തുറമുഖങ്ങൾ സ്ഥാപിക്കേണ്ടതായ സ്ഥലങ്ങൾ ഏതൊക്കെയാണെന്നും അവ ഓരോന്നും സ്ഥാപിക്കുന്നതിന് ഇതിനകം സ്വീകരിക്കപ്പെട്ട നടപടികളും വിശദമാക്കാമോ;<br><br>(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന തുറമുഖ പദ്ധതികൾ ഓരോന്നും എപ്പോൾ പൂർത്തിയാക്കുമെന്നും അതിനാവശ്യമായ ഫണ്ട് വകയിരുത്തപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (എ) യും (ബി) യും | നിലവിലുള്ള പതിനേഴ് നോൺ മേജർ തുറമുഖങ്ങളിൽ പൊന്നാനി, അഴീക്കൽ, ബേപ്പൂർ, ആലപ്പുഴ, കൊല്ലം, എന്നീ തുറമുഖങ്ങൾ പബ്ലിക് പ്രൈവറ്റ് പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ വിഴിഞ്ഞത്ത് ഒരു അന്താരാഷ്ട്ര തുറമുഖം നിർമ്മിയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>**പൊന്നാനി** തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൺസഷൻ എഗ്രിമെന്റ് 29.09.2011-ൽ ഒപ്പുവച്ചു. ഇതിന്റെ പ്രാഥമിക നടപടിയായ പാരിസ്ഥിതിക പഠനം നടന്നു വരുന്നു.<br><br>**ബേപ്പൂർ** തുറമുഖം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇതിനായി ക്ഷണിച്ചിട്ടുള്ള ആഗോള ടെണ്ടർ തുറന്ന് തുടർ നടപടികൾ സ്വീകരിച്ചു |

വരുന്നു.

**അഴീക്കൽ തുറമുഖം** പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനായി ക്ഷണിച്ചിട്ടുള്ള ആഗോള ടെണ്ടർ 15.05.2012-ന് തുറന്നു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു

**ആലപ്പുഴ** തുറമുഖത്ത് മറീന സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**കൊല്ലം തുറമുഖം** പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനായി ക്ഷണിച്ചിട്ടുള്ള ടെണ്ടർ 25.07.2012 ന് തുറക്കുന്നതാണ്

**വിഴിഞ്ഞത്ത്** ഒരു അന്താരാഷ്ട്ര തുറമുഖം നിർമ്മിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നു. ഇതിനു വേണ്ടിയുള്ള അനുബന്ധ സൗകര്യങ്ങളായ സ്ഥലം ഏറ്റെടുക്കൽ, വൈദ്യുതി, ജലം, റോഡ്, റെയിൽവേ എന്നിവയ്ക്കായുള്ളള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പാരിസ്ഥിതിക അനുമതിയ്ക്ക് വേണ്ടിയുള്ള പാരിസ്ഥിതിക പഠനം 2012 ജൂൺ 30 ന് പൂർത്തിയായി. അനുമതി ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. സമാന്തരമായി തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ഇ.പി.സി ടെൻഡർ ഡോക്യുമെന്റിന്റെ

നടപടികളും പൂർത്തിയായി
വരുന്നു. ഇതോടൊപ്പം
പദ്ധതിയ്ക്ക് വേണ്ട
ധനസമാഹരണത്തിനുള്ള
നടപടിക്രമങ്ങൾ
പൂർത്തിയാക്കിയിട്ടുണ്ട്. .

പോർട്ട് നടത്തിപ്പുകാരനെ
തെരഞ്ഞെടുക്കുന്നതിനുള്ള
നടപടികൾ
അന്തിമഘട്ടത്തിലാണ്.

വിഴിഞ്ഞം തുറമുഖ
പദ്ധതിയ്ക്ക് പാരിസ്ഥിതിക
അനുമതി കിട്ടിയ ശേഷം
മാത്രമേ അതിന്റെ
നിർമ്മാണപ്രവർത്തനങ്ങൾ
ആരംഭിക്കുവാൻ
സാധിക്കുകയുള്ളൂ. ഈ
വർഷം അവസാനത്തോടെ
പാരിസ്ഥിതിക അനുമതി
ലഭിക്കുകയാണെങ്കിൽ 3
വർഷം കൊണ്ട്
തുറമുഖത്തിന്റെ അടിസ്ഥാന
നിർമ്മാണം
പൂർത്തിയാക്കാനാണ്
ഉദ്ദേശിക്കുന്നത്.

കായംകുളം, കൊടുങ്ങല്ലൂർ
എന്നീ തുറമുഖങ്ങളിൽ റിവർ
സീ ടെർമിനൽ
സ്ഥാപിക്കുന്നതിന്റെ പ്രാരംഭ
നടപടികളും ആരംഭിച്ചിട്ടുണ്ട്

മേൽപ്പറഞ്ഞ എല്ലാ
തുറമുഖങ്ങളുടെയും
വികസനത്തിന് ആവശ്യമായ
തുക ഈ വർഷത്തെ
ബഡ്ജറ്റിൽ
വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ